29. ആദ്യകാലചെറുകഥയുടെ മാതൃക എന്ന നിലയിൽ മദിരാശിപ്പിത്തലാട്ടത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

30. പെണ്ണെഴുത്ത് എന്ന ആശയത്തിലെ വിപ്ലവകരമായ പ്രവണതകൾ കണ്ടെത്തുക.

31. പ്രകാശം പരത്തുന്ന പെൺകുട്ടി എല്ലാക്കാലത്തെയും മനുഷ്യരുടെ പ്രതീക്ഷയുടെ പ്രതീകമാകുന്നതെങ്ങനെ?

(6 × 4 = 24 Marks)

IV. മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

32. ഉത്തരാധുനികനോവലുകൾ ഭാഷയെ പ്രതിരോധത്തിനുള്ള ഉപാധിയാക്കി മാറ്റിയതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

33. മലയാളനോവലിന്റെ ചരിത്രം സംഗ്രഹിച്ചെഴുതുക.

34. പുതിയകാലത്ത് എഴുത്തിലും വായനയിലും വന്ന സാങ്കേതികമായ വിപ്ലവങ്ങളെ വിശദമായി പരിശോധിക്കുക.

35. ഖസാക്കിന്റെ ഇതിഹാസത്തിലെ ഭാഷാപരമായ പ്രത്യേകതകൾ വിശദീകരിക്കുക.

(2 × 15 = 30 Marks)

---



St. Xavier's College

(Pages : 4) **S – 2895**

**Reg. No. : ..............................**

**Name : ..................................**

## First Semester B.A. Degree Examination, January 2024

## Career Related First Degree Programme under CBCSS

### MALAYALAM AND MASS COMMUNICATIONS

### Core Course II

### MX 1142 : കഥാസാഹിത്യം

### (2021 Admission onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1. കേശവദേവിന് 1964-ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത്?

2. ടി. പത്മനാഭന്റെ പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന കഥയ്ക്ക് അതേ പേരിൽ പാരഡി എഴുതിയതാരാണ്?

3. 'ഭാസ്കരമേനോൻ' എന്ന നോവലിന്റെ ആദ്യഭാഗങ്ങൾ ഏതു പേരിലാണ് പ്രസിദ്ധീകൃതമായത്?

4. ഗോപാലൻ നായരുടെ താടി എന്ന കഥ രചിച്ചതാരാണ്?

5. എസ്. വി. വേണുഗോപൻനായർക്ക് കേരളസാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേതാണ്?

6. കഥ തേടുന്ന കഥ എന്ന പഠനഗ്രന്ഥം രചിച്ചതാരാണ്?

P.T.O.

7. നൈസാമലി ഏത് കൃതിയിലെ കഥാപാത്രമാണ്?

8. ചെകുത്താന്റെ ദംഷ്ട്രകൾ പൊഴിഞ്ഞുപോയതെങ്ങനെയാണ്?

9. മലയാളത്തിലെ ആദ്യ ചെറുകഥയേതാണ്?

10. അയൽക്കാർ എന്ന നോവലിൽ ഏതൊക്ക തറവാട്ടുകാർ തമ്മിലാണ് കൊടിയ ശത്രുതയുള്ളത്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ദളിത് സാഹിത്യത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്?

12. അച്ചടിയുടെ പ്രചാരം ചെറുകഥയുടെ വളർച്ചയെ എങ്ങനെയാണ് ത്വരിതപ്പെടുത്തിയത്?

13. 'അവന്റെ തലതിരിഞ്ഞുപോയി' എന്ന് കുഞ്ഞൻ പറഞ്ഞതെപ്പോഴാണ്?

14. വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

15. 'ഇരുട്ടുനിറഞ്ഞുകിടന്നിരുന്ന എന്റെ ജീവിതത്തിൽ ഒരു കൊള്ളിമീൻപോലെ അവൾ പെട്ടെന്ന് മിന്നിമറയുകയാണുണ്ടായത്.' ആര്? സന്ദർഭമെന്ത്?

16. മലയാളത്തിലെ ആദ്യകാലനോവൽ എന്ന നിലയിൽ ഘാതകവധത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുക.

17. 'കണ്ണിൽ സുറുമയും കാലിൽ തണ്ടയുമിട്ട ഒരു പെൺകുട്ടി ചെതലിയുടെ താഴ്‌വരയിൽ പൂവിറുക്കാനെത്തി. അവിടെ തനിച്ചുനിന്ന ചെമ്പകത്തിന്റെ ചില്ലയൊടിച്ചു പൂ നുള്ളിയെടുത്തപ്പോൾ ചമ്പകം പറഞ്ഞു അനുജത്തീ നീയെന്നെ മറന്നുവല്ലോ...' സന്ദർഭം വ്യക്തമാക്കുക.



St. Xavier's College

18. അടിമയായ ചെകുത്താന്റെ ജോലികൾ എന്തെല്ലാമായിരുന്നു?

19. 'ഈ കാഴ്ചയാണ് സത്യം. വനവാസിയുടെ സത്യം. രാക്ഷസജനതയുടെ സത്യം'. - സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

20. ചെറുകഥയുടെ ചരിത്രത്തിൽ ജാതകകഥകൾക്കും നാടോടിക്കഥകൾക്കുമുള്ള പ്രാധാന്യമെന്ത്?

21. 'സ്നേഹം തിരിച്ചുകിട്ടാത്ത ഒരു ഡിപ്പോസിറ്റ് ആണെന്നാവാം ഈ തത്ത്വജ്ഞാനിയുടെ വിശ്വാസം.' സന്ദർഭമെന്ത്?

22. ചാത്തൻ കുഞ്ഞുവറീതായതെങ്ങനെ?

**(8 × 2 = 16 Marks)**

III. **നൂറ്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ആദ്യകാല സാമൂഹികനോവലുകളുടെ പ്രത്യേകതകൾ എന്തെല്ലാം?

24. സ്വാതന്ത്ര്യത്തിലേക്ക് കുതിച്ചുകയറുന്ന ഒരു തലമുറയ്ക്ക് മുൻതലമുറക്കാർ ഭാരമായിത്തീരും എന്ന് വാസുവും ദിവാകരനും സ്ഥാപിക്കുന്നതെങ്ങനെ?

25. ഭാവസാന്ദ്രമായ എഴുത്ത് രാജലക്ഷ്മിയുടെ രചനകളെ എങ്ങനെയാണ് മനോഹരമാക്കിയതെന്ന് കണ്ടെത്തുക.

26. ലാടാനുപ്രാസം എന്ന കഥയുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

27. ഖസാക്കിന്റെ ഇതിഹാസത്തിലെ പുരാവൃത്തകഥനം ആ നോവലിന്റെ ശൈലിക്ക് എത്രമാത്രം ഇണങ്ങുന്നുവെന്ന് കണ്ടെത്തുക.

28. ജീവത്സാഹിത്യത്തിന്റെ സ്വാധീനം മലയാളനോവലിലുണ്ടാക്കിയ പരിവർത്തനങ്ങൾ എന്തെല്ലാം?